9. ജൂനിയർ സൂപ്രണ്ട്---18
10. ക്ലാർക്ക്---722
11. ടൈപ്പിസ്റ്റ്---185
12. ശിപായി---185
13. പാർട്ട്ടൈം സ്വീപ്പർ---168
14. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്---3
15. ഡ്രൈവർ---67

(ബി) ലോക്കൽ ഫണ്ട് ആഡിറ്റിൽ കണ്ടെത്തിയ ബാദ്ധ്യതകൾ ലോക്കൽ ഫണ്ട് ആഡിറ്റിന്റെ 16-ാം വകുപ്പ് പ്രകാരം സർചാർജ്ജ് നടപടിയിലൂടെ ഈടാക്കുന്നതിന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ തന്നെ നടപടിയെടുത്തിട്ടുണ്ട്. എ. ജി. യുടെ ആഡിറ്റിലും പെർഫോമൻസ് ഓഡിറ്റിലും മറ്റ് ആഡിറ്റുകൾ മുഖാന്തിരവും കണ്ടെത്തിയ ബാദ്ധ്യതകൾ ഈടാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പു മേധാവികൾ വഴി ഉത്തരവ് നൽകി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്.

(സി) ബാദ്ധ്യതകൾ തീർപ്പാകാതെ ബന്ധപ്പെട്ട വകുപ്പു മേധാവികൾ നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകാറില്ല. നിർവ്വഹണ ഉദ്യോഗസ്ഥരായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന കാലയളവിൽ ബാദ്ധ്യതകൾ ഒന്നും ഇല്ലായെന്ന സർട്ടിഫിക്കറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിക്കഴിഞ്ഞാൽ മാത്രമേ വകുപ്പു മേധാവികൾ നോൺലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകാറുള്ളൂ.

(ഡി) ഇവരുടെ പേരിൽ ചുമത്തിയ ബാദ്ധ്യത സംബന്ധിച്ച് മൊത്തത്തിൽ കണക്കെടുത്തിട്ടില്ല.

(ഇ) നോൺലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതു സംബന്ധിച്ച് നിലവിൽ തന്നെ വ്യവസ്ഥ ഉണ്ട്.

**പേറ്റന്റ് സംബന്ധിച്ച് കാര്യങ്ങൾക്കുവേണ്ടി കമ്മിറ്റി**

9 [3702] *ശ്രീ. എ. കെ. മണി:*
*,, സി. പി. മുഹമ്മദ്:*
*,, കെ. സി. ജോസഫ്:*
*,, എം. എ. ചന്ദ്രശേഖരൻ:* താഴെ കണ്ണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ ഒരു പേറ്റന്റ് സബ്-ഓഫീസോ സെല്ലോ പ്രവർത്തിക്കുന്നുണ്ടോ;

(ബി) പേറ്റന്റ് സംബന്ധിച്ചകാര്യങ്ങൾക്കുവേണ്ടി ഒരു കമ്മിറ്റി പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇതിലെ അംഗങ്ങൾ ആരെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കമ്മിറ്റിക്ക് ഇതിനകം സംസ്ഥാനത്തെ ഔഷധ സസ്യങ്ങൾ, ഔഷധങ്ങൾ എന്നിവയെപ്പറ്റി എന്തെല്ലാം പഠനങ്ങൾ നടത്തുവാനായി എന്ന് വിശദമാക്കുമോ?

*ഉത്തരം*

(എ) ആരോഗ്യവകുപ്പിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ 1-7-2003-ലെ സർക്കാർ ഉത്തരവ് (സാധാ.) 2025/03/ആ.കു.വ. പ്രകാരം ഒരു പേറ്റന്റ് സെൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഭേദഗതി വരുത്തുന്ന പേറ്റന്റ് ആക്ടിന്റെ സ്വാധീനത്തെക്കുറിച്ചു പഠിക്കാൻ ഒരു കോർ കമ്മിറ്റി 18-3-2005-ലെ സ.ഉ. (സാധാ.) 788/05/ആ.കു.വ. പ്രകാരം രൂപീകരിച്ചു. താഴെ പറയുന്നവർ പ്രസ്തുത കമ്മിറ്റിയിൽ പ്രവർത്തിക്കുന്നു.

(1) അഡീഷണൽ സെക്രട്ടറി (പദ്ധതികൾ), ആരോഗ്യ കുടുംബ ക്ഷേമവകുപ്പ് കൺവീനർ
(2) ആരോഗ്യവകുപ്പ്—ഡയറക്ടർ
(3) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ
(4) നാട്ടുചികിൽസാ വകുപ്പ് ഡയറക്ടർ
(5) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ
(6) ഹോമിയോപ്പതി ഡയറക്ടർ
(7) ഡ്രഗ്സ് കൺട്രോളർ
(8) പ്രിൻസിപ്പാൾ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം
(9) സൂപ്രണ്ട്, മെഡിക്കൽ കോളേജ്, തിരുവനന്തപുരം
(10) ഡോ. സുധാകരൻ നായർ, ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ്, ഫാർമക്കോളജി
(11) മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ. ഫാർമസി
(12) ഡോ. ബി. ഇക്ബാൽ, ഹോർമർ വൈസ് ചാൻസിലർ, കേരള യൂണിവേഴ്സിറ്റി
(13) ശ്രീ. എസ്. എസ്. വെങ്കിടകൃഷ്ണൻ, റിട്ട. ഡ്രഗ്സ് കൺട്രോളർ
(14) ശ്രീ. എം. എൻ. പി. ജി. അടിയോടി, പ്രസിഡന്റ്, കേരളാ സ്റ്റേറ്റ് ഫാർമസി കൗൺസിൽ
(15) ചെയർമാൻ, കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസ്
(16) ശ്രീ. എ. എം. ഡി. നമ്പൂതിരി, പ്രസിഡന്റ്, കേരള സ്റ്റേറ്റ് ഫാർമസ്യൂട്ടിക്കൽ മാനുഫാക്ച്ചേഴ്സ് അസോസിയേഷൻ
(17) ഡോ. നരേന്ദ്രഭട്ട്, ജനറൽ സെക്രട്ടറി, എ. ഡി. എം. എ.
(18) ശ്രീ. കെ. അനിൽകുമാർ, ജോയിന്റ് സെക്രട്ടറി, എ. ഡി. എം. എ.
(19) ആൾ കേരള കെമിസ്റ്റ് ആന്റ് ഡ്രഗ്ഗിസ്റ്റ് അസോസിയേഷൻ

LIBRARY ARCHIVES Kerala Legislative Assembly

(20) ശ്രീ. കെ. രാമചന്ദ്രൻ, കേരള ഫാർമസ്യൂട്ടിക്കൽ മാനുഫാക്ചേഴ്സ് അസോസിയേഷൻ

(21) ശ്രീ. എൻ. നിയതി, സോഷ്യൽ സർവീസ് സെക്ഷൻ, പ്ലാനിംഗ് ബോർഡ്

(22) സൂപ്രണ്ട്, എസ്. എ. ടി. ആശുപത്രി, തിരുവനന്തപുരം.

(സി) ഈ കമ്മിറ്റി സംസ്ഥാനത്തെ ഔഷധ സസ്യങ്ങൾ, ഔഷധങ്ങൾ എന്നിവയെപ്പറ്റി പഠനങ്ങളൊന്നും ഇതുവരെ നടത്തിയിട്ടില്ല.

**സർക്കാർ നിയോഗിച്ച കമ്മീഷനുകളും കമ്മിറ്റികളും**

10 [3703] *ശ്രീ. സാജു പോൾ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ കമ്മീഷനുകളെയും, കമ്മിറ്റികളെയുമാണ് നിയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷനുകളും കമ്മിറ്റികളും റിപ്പോർട്ട് സമർപ്പണം നടത്തിയിട്ടുണ്ടോ; റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) മുൻ സർക്കാരുകളുടെ കാലത്ത് നിയോഗിച്ച ഏതെങ്കിലും കമ്മീഷനുകൾ കമ്മിറ്റികൾ ആദിയായവ റിപ്പോർട്ട് സമർപ്പണം നടത്താതെ ഇപ്പോഴും പ്രവർത്തനം തുടരുന്നുണ്ടോ;

(ഡി) യു. ഡി. എഫ്. സർക്കാർ നിയോഗിച്ച വിവിധ കമ്മീഷനുകൾക്കും കമ്മിറ്റികൾക്കും പ്രവർത്തന ചെലവ് ഇനത്തിൽ എത്ര രൂപ നൽകിയിട്ടുണ്ട്?

*ഉത്തരം*

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം 1952-ലെ അന്വേഷണക്കമ്മീഷൻ ആക്ട് പ്രകാരം താഴെ പറയുന്ന അന്വേഷണക്കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്.

(a) തിരുവനന്തപുരം, തുമ്പയിൽ 2001 ഡിസംബറിൽ പോലീസ് വെടിവയ്പ്പിനിടയായ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. ജി. രാജപ്പൻ ആചാരി കമ്മീഷനെ നിയമിച്ചു.

(b) കോട്ടയം, കുമരകത്ത് 2002 ജൂലൈയിൽ ഉണ്ടായ ബോട്ടപകടത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ് കെ. നാരായണക്കുറുപ്പ് കമ്മീഷനെ നിയമിച്ചു.

LIBRARY ARCHIVES Kerala Legislative Assembly